കേസ് നമ്പർ. _____

സ്റ്റേറ്റ് ഓഫ് ടെക്സസ് § **ടെക്സസ് ഫോർട്ട്**

§ **ബെൻഡ് ദേശത്തെ ആറാം**

vs. § **നമ്പർ നിയമ പ്രകാരം കൗണ്ടി നീതിന്യായ**

_____ § **കോടതി മുമ്പാകെ**

DWI കോടതിയിൽ വിചാരണയ്ക്ക് മുമ്പുള്ള മധ്യസ്ഥതയിൽ പങ്കെടുക്കുന്നതിനുള്ള ഉടമ്പടി
AGREEMENT FOR PARTICIPATION IN DWI COURT PRE-TRIAL INTERVENTION

ഇതേ ദിവസം മേൽ നമ്പർ കേസിലെ പ്രതി _____ ഉം DWI കോടതിയുടെ ("കോടതി") അദ്ധ്യക്ഷത വഹിക്കുന്ന ജഡ്ജിയും തമ്മിൽ ഏർപ്പെട്ട വിചാരണയ്ക്ക് മുമ്പുള്ള മധ്യസ്ഥതയിൽ പങ്കെടുക്കുന്നതിനുള്ള ഉടമ്പടി.

പ്രതി താഴെപ്പറയുന്ന പ്രസ്താവനകൾ പുറപ്പെടുവിക്കുകയും താഴെപ്പറയുന്ന വ്യവസ്ഥകൾ അംഗീകരിക്കുകയും ചെയ്യുന്നു.

എന്റെ പേര് _____ എന്നാകുന്നു. ഇത് എന്റെ ശരിയും സത്യവുമായ പേരും ഞാനൊരിക്കലും മറ്റ് ഏതൊരു പേരിലും അറിയപ്പെട്ടിട്ടില്ലാത്തതുമാകുന്നു. എന്റെ നിലവിലുള്ള മേൽവിലാസം _____ എന്നാണ്. എന്റെ നിലവിലെ ടെലിഫോൺ നമ്പർ _____ ആണ്. ഈ ഉടമ്പടിയിലെ ഒരു വ്യവസ്ഥയ്ക്കനുസൃതമായി, ഞാൻ എന്റെ മേൽവിലാസത്തിൽ വകുപ്പിന് മുൻകൂർ നോട്ടീസ് നല്കാതെ ഞാൻ എന്റെ മേൽവിലാസം മാറ്റുന്നതല്ല.

മേൽ നമ്പർ കേസിൽ ഞാൻ മദ്യ ലഹരിയിൽ വണ്ടിയോടിച്ച കുറ്റത്തിന് ചാർജ് ചെയ്യപ്പെട്ടിരിക്കുന്നു. ഈ കേസിലല്ലാതെ ഈ അധികാരപരിധിയിലോ മറ്റേതെങ്കിലും അധികാരപരിധിയിലോ ഏതെങ്കിലും കൊടും കുറ്റകൃത്യങ്ങൾക്ക് ഞാൻ കുറ്റാരോപിതനാകുകയോ എന്നിൽ കുറ്റം ചുമത്തപ്പെടുകയോ ചെയ്തിട്ടില്ല.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഈ അധികാരപരിധിയിലോ മറ്റേതെങ്കിലും അധികാരപരിധിയിലോ കൊടുംകുറ്റകൃത്യങ്ങൾക്ക് ഞാൻ ശിക്ഷിക്കപ്പെടുകയോ നല്ലനടപ്പ് ജാമ്യം അനുവദിക്കപ്പെടുകയോ, നീട്ടിവയ്ക്കപ്പെട്ട വിധിനിർണ്ണയം അനുവദിക്കപ്പെടുകയോ ചെയ്തിട്ടില്ല. കഴിഞ്ഞ 10 വർഷത്തിനിടയിൽ ഈ അധികാരപരിധിയിലോ മറ്റേതെങ്കിലും അധികാരപരിധിയിലോ ഞാൻ വിചാരണയ്ക്ക് മുമ്പുള്ള മധ്യസ്ഥതയിൽ പങ്കെടുത്തിട്ടില്ലാത്തതും കൊടുംകുറ്റകൃത്യങ്ങൾക്കുള്ള സ്വഭാവമാറ്റ പരിപാടികളിൽ ഇടപെട്ടിട്ടില്ലാത്തതുമാകുന്നു.

ഇന്നു മുതൽ പതിനെട്ട് (18) മാസത്തേക്ക് DWI കോടതിയുടെ മധ്യസ്ഥ പരിപാടിയിൽ ഞാൻ പങ്കെടുക്കേണ്ടി വരുമെന്നുള്ളതും ഈ കാലയളവിൽ ഞാൻ ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണി സൂപ്പർവിഷൻ ആന്റ് കറക്ഷൻ ഡിപാർട്ട്മെന്റിന്റെയോ (ഇതിൽ ഇനിമുതൽ "ഡിപാർട്ട്മെന്റ്") ഉപചാര മേൽനോട്ട അധികാരമുള്ള മറ്റേതെങ്കിലും വകുപ്പിന്റെയോ മേൽനോട്ടത്തിലായിരിക്കുമെന്നുള്ളതും ഞാൻ മനസ്സിലാക്കുന്നു. ടി പരിപാടിയിൽ ഒരു വർഷത്തിനു ശേഷം എപ്പോൾ വേണമെങ്കിലും മേൽനോട്ടത്തിൽ നിന്നും ഞാൻ മോചിതനാക്കപ്പെടാം എന്നും പക്ഷെ അപ്രകാരമുള്ള നേരത്തെയുള്ള മോചനം കോടതിയുടെ മാത്രം വിവേചനാധികാരം ആണെന്നും ഞാൻ മനസ്സിലാക്കുന്നു.

കോടതിയുടെ അംഗീകാരമുള്ള ഏജൻസിയോ, ഫോർട്ട് ബെൻഡ് റീജിയണൽ കൗൺസിൽ ഓൺ സബ്സ്റ്റൻസ് അബ്യൂസോ (എഫ്.ബി.ആർ.സി) തയ്യാറാക്കുന്ന അവലോകന പകർപ്പിൽ പറയുന്ന നിർദേശങ്ങൾ പാലിക്കാമെന്ന് ഞാൻ സമ്മതിച്ചിരിക്കുന്നു. താമസിച്ചുള്ള ലഹരി വർജ്ജക ചികിത്സ ഉൾപ്പെടെയുള്ള, കോടതിയും വകുപ്പും നിർദേശിക്കുന്ന ഏതൊരു പരിപാടിയിലും ഞാൻ വിശ്വസ്തതയോടെ പങ്കെടുക്കുന്നതാണ് കൂടാതെ ഞാൻ കോടതിയുടെയും വകുപ്പിന്റെയും എല്ലാ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കുന്നതാണ്.

DWI കോടതി ഉടമ്പടി
അവസാനം പുതുക്കിയത് 6 -10 - 19

രേഖാമൂലം അവശ്യപ്പെട്ടിരിക്കുന്നത് പോലെ വകുപ്പിനെ അറിയിക്കുന്നതാണെന്ന് ഞാൻ സമ്മതിച്ചിരിക്കുന്നു.

ഞാൻ നിർധനനല്ല എന്നു തീരുമാനിക്കപ്പെട്ടിട്ടില്ലായെങ്കിൽ കോടതിയോ വകുപ്പോ നിർദേശിക്കുന്ന ഫീസുകളും ചെലവുകളും നല്കാൻ ഞാൻ തയ്യാറാണ്. ഫീസുകളിലും ചെലവുകളിലും താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

പ്രതിമാസ മേൽനോട്ട ഫീസ്:	$60/മാസം
ലബോറട്ടറി ഫീസ്:	ഒരു ടെസ്റ്റിന് $ 15
ഇന്റർലോക്ക് ഉപകരണം:	$42/മാസം
വിക്ടിം ഇംപാക്ട് പാനൽ:	$35 വീതം

DWI കോടതിയുടെ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച്ചവരുത്തുന്നതിന്റെ ഫലമായി സമൂഹ മേൽനോട്ട മണിക്കൂറുകൾ, അഥവാ ജയിൽ സമയം എന്നീ വിലക്കുകൾ ഉണ്ടാകാമെന്ന് ഞാൻ മനസ്സിലാക്കുന്നു.

ആജ്ഞാലംഘനം മൂലം ഞാൻ DWI കോടതിയുടെ വിചാരണയ്ക്ക് മുമ്പുള്ള മദ്ധ്യസ്ഥ പരിപാടിയിൽ നിന്നും പുറത്താക്കപ്പെടുമെന്നും എന്റെ കേസ് ഞാൻ ഒരിക്കലും അങ്ങനെ ഒരു പരിപാടിയിൽ പങ്കെടുത്തിട്ടില്ലാത്തതുപോലെ തുടരുമെന്നും എനിക്ക് ബോദ്ധ്യമുള്ളതാകുന്നു.

DWI കോടതിയുടെ മധ്യസ്ഥകാലയളവിൽ താഴെപ്പറയും പ്രകാരം പ്രവർത്തിച്ചുകൊള്ളാമെന്ന് ഞാൻ സമ്മതിച്ചിരിക്കുന്നു:

- ഹാനികരമോ ക്രൂരമോ ആയ ശീലങ്ങൾ ഞാൻ ഒഴിവാക്കും. ഞാൻ ഏതെങ്കിലും മദ്യം, നിരോധിച്ചിട്ടുള്ള വസ്തുക്കൾ, അപകടകരമായ ലഹരി പദാർത്ഥങ്ങൾ, മരിജുവാന, അഥവാ എനിക്ക് പ്രത്യേകമായി നിർദേശിക്കപ്പെട്ടിട്ടില്ലാത്ത മരുന്നുകൾ എന്നിവ ഉപയോഗിക്കുകയോ കഴിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുകയില്ല.

- ഡിപാർട്ട്മെന്റ് നിർദേശാനുസരണം മേൽനോട്ട അധികാരത്തിന് ചുമതലപ്പെട്ട വകുപ്പ് ഉൾപ്പെടെയുള്ള ഡിപാർട്ട്മെന്റിലെ ചുമതലപ്പെടുത്തിയ ആളുകൾക്ക് മുന്നിൽ ലഹരിപദാർത്ഥം/ മദ്യത്തിന്റെ പരിശോധനയ്ക്കായി സാംപിൾ ഹാജരാക്കുന്നതിന് മുമ്പായി എനിക്ക് നിയമപ്രകാരം നിർദേശിച്ചിട്ടുള്ള മരുന്നുകളുടെ തെളിവുകൾ ഞാൻ നല്കുന്നതാണ്;

- ഞാൻ ഏറ്റവും കുറഞ്ഞത് രണ്ട് വിക്ടിം ഇംപാക്ട് പാനലിലെങ്കിലും (VIP) പങ്കെടുക്കുന്നതും എന്റെ ഹാജരുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും വഹിക്കുന്നതുമാണ്;

- ഈ സ്റ്റേറ്റിലെയോ മറ്റേതെങ്കിലും സ്റ്റേറ്റിലെയോ യുണൈറ്റഡ് സ്റ്റേറ്റ്സിലെയോ അഥവാ ഈ അധികാര പരിധിയിൽ പെട്ട മറ്റേതെങ്കിലും രാഷ്ട്രീയ ഉപവിഭാഗങ്ങളുടെയോ നിയമങ്ങൾ ഞാൻ ലംഘിക്കില്ല;

- കോടതിയോ വകുപ്പോ നിർദേശിക്കുന്ന പ്രകാരം ഞാൻ കോടതിയിൽ ഹാജരാകുന്നതാണ്.

- ഫോർട്ട് ബെൻഡ് കൗണ്ടി കമ്മ്യൂണി സൂപ്പർവിഷൻ ആന്റ് കറക്ഷൻ ഡിപാർട്ട്മെന്റ് അംഗീകരിച്ചിട്ടുള്ള ഒരു കമ്പനിയിൽ നിന്നും ക്യാമറ ഉൾപ്പെടെയുള്ള ഒരു മദ്യ പൂട്ട് ഉകരണം ഞാൻ വാങ്ങി സ്ഥാപിച്ച് സൂക്ഷിക്കുന്നതാണ്. ഈ ഉടമ്പടി വച്ച് 15 ദിവസത്തിനുള്ളിൽ DWI കോടതി പ്രോഗ്രാമിൽ നിൽക്കുന്ന സമയത്തോളം ഞാൻ ഉപയോഗിക്കുന്ന ഓരോ വാഹനത്തിനും ഒരു പൂട്ട് ഉപകരണം സ്ഥാപിക്കുന്നതാണ്. കൂടാതെ ടി. പൂട്ട് ഉപകരണത്തിന്റെ വാങ്ങൽ, സ്ഥാപിക്കൽ, പരിപാലനം, ഉപയോഗം എന്നിവയെ സംബന്ധിച്ച എല്ലാ നിയമങ്ങളും ചട്ടങ്ങളും ഞാൻ പാലിക്കുന്നതാണ്. മേൽനോട്ട ഉദ്യോഗസ്ഥന്റെ അപേക്ഷയിന്മേൽ ടി പൂട്ട് ഉപകരണം അവരെ കാണിക്കാമെന്ന് ഞാൻ സമ്മതിച്ചിരിക്കുന്നു. ടി ഉപകരണത്തിന്റെ ചെലവ് എന്റെ ഉത്തരവാദിത്തമാണ്. എനിക്ക് പ്രവർത്തിക്കുന്ന ഒരു മോട്ടോർവാഹനം കൂടാതെ/അഥവാ സാധുവായ ഒരു ലൈസൻസ് ഇല്ലെങ്കിൽ വീടിനുള്ളിൽ

വയ്ക്കാവുന്ന ഒരു ഉപകരണം ടി സ്റ്റാർട്ടിംഗ് പൂട്ടിന് പകരമായി ഉപയോഗിക്കാമെന്ന് ഞാൻ സമ്മതിച്ചിരിക്കുന്നു.

പ്രതിയുടെ മേൽ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ പ്രതിയും കോടതിയും ഇപ്പോൾ താഴെപ്പറയുന്ന ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നു.

DWI കോടതിയുടെ വിചാരണയ്ക്ക് മുമ്പുള്ള മധ്യസ്ഥ പരിപാടിയിൽ പങ്കെടുക്കുന്നതിന് പ്രതിക്ക് അവകാശമില്ലാത്തതും മേൽനമ്പർ കേസ് ടി പരിപാടിയിൽ പങ്കെടുത്ത് പരിഹരിക്കാനുള്ള പ്രതിയുടെ ശേഷി കോടതിയുടെയും ഫോർട്ട് ബെൻഡ് കൗണ്ടി ജില്ലാ അറ്റോർണി ഓഫീസിന്റെയും പുനഃപരിശോധനാ വിധേയമല്ലാത്ത വിവേചനാധികാരത്തിലുള്ളതാണ്.

പ്രതി DWI കോടതിയുടെ വിചാരണയ്ക്ക് മുമ്പുള്ള മധ്യസ്ഥ പരിപാടിയുടെ വ്യവസ്ഥകളും നിബന്ധനകളും ലംഘിച്ചിട്ടുണ്ടോ എന്നത് തീരുമാനിക്കേണ്ടത് കോടതിയാകുന്നതും ആയത് പുനഃപരിശോധനയ്ക്ക് വിധേയമല്ലാത്തതുമാകുന്നു.

ഈ പരിപാടിയിലെ പ്രതിയുടെ പങ്കാളിത്തം ഡിപാർട്ട്മെന്റ് പരിശോധിക്കുന്നതും, ടെക്സസ് ഗവൺമെന്റ് കോഡ് 76.011 വകുപ്പ് പ്രകാരം ഡിപാർട്ട്മെന്റ് നടത്തുന്ന വിചാരണയ്ക്ക് മുമ്പുള്ള അവസ്ഥ പരിപാടിയായി പരിഗണിക്കുന്നതുമാണ്. എക്സ്പംഗ്ഷനെ സംബന്ധിച്ച്, ഈ കേസ് ടെക്സസ് കോഡ് ഓഫ് ക്രിമിനൽ പ്രൊസീജ്വറിന്റെ ആർട്ടിക്കിൾ 55ന്റെ വകുപ്പുകളുസരിച്ച് നിയന്ത്രിക്കപ്പെടുന്നതാണെന്ന് പ്രതി സമ്മതിക്കുന്നു.

DWI കോടതിയുടെ വിചാരണയ്ക്ക് മുമ്പുള്ള മധ്യസ്ഥ പരിപാടിയിലെ പ്രതിയുടെ പങ്കാളിത്തം അവസാനിപ്പിക്കുന്ന പക്ഷം മേൽനമ്പർ കേസ്, മധ്യസ്ഥ ഉടമ്പടി ഇല്ലായിരുന്നു എന്നതു പോലെ കോടതിയുടെ കേസ് ലിസ്റ്റിൽ ചേർക്കപ്പെടുന്നതാണ്.

ഫോർട്ട് ബെൻഡ് കൗണ്ടി ജില്ലാ അറ്റോർണിയുടെ ഓഫീസിനെയും 6ആം നമ്പർ കൗണ്ടി കോടതിയെയും പ്രതിയുടെ DWI വിചാരണയ്ക്ക് മുമ്പുള്ള മധ്യസ്ഥപരിപാടിയിലെ പങ്കാളിത്തത്തെ കുറിച്ചുള്ള രേഖകൾ സൂക്ഷിക്കുവാൻ അനുവദിച്ചിട്ടുള്ളതും അപ്രകാരം സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ ടി പരിപാടിയിലേക്കുള്ള ഭാവിയിലെ യോഗ്യത തീരുമാനിക്കുന്നതിന് ഉപയോഗിക്കുവാനും ഞാൻ സമ്മതിച്ചിരിക്കുന്നു.

ഈ കേസിലെ പ്രതിയായ ഞാൻ ഈ ഉടമ്പടി മുഴുവനായും വായിച്ചിട്ടുള്ളതും ആയത് ശരിയും സത്യവും ഞാനും കോടതിയും തമ്മിലുള്ള ഉടമ്പടിയുടെ അന്തസത്ത ഉൾക്കൊള്ളുന്നതുമാണെന്ന് ഇതിനാൽ സത്യം ചെയ്തുകൊള്ളുന്നു.

പ്രതി _____

_____ ദിവസം എന്റെ മുമ്പാകെ സത്യമെന്ന് ഉറപ്പുവരുത്തി സമ്മതിച്ച് ഒപ്പിടുന്നത്.

_____
ഡെപ്യൂട്ടി കൗണ്ടി ക്ലർക്ക്
കൗണ്ടി കോടതി നിയമ നം. 6
ഫോർട്ട് ബെൻഡ് കൗണ്ടി, ടെക്സസ്

_____
പ്രതിയുടെ വിലരടയാളം (വലത്)

എതിർഭാഗം അഭിഭാഷകന്റെ പ്രസ്താവന:

ഞാൻ മേൽനമ്പർ കേസിലെ പ്രതിയെ പ്രതിനിധീകരിക്കുന്നു. മുൻപറഞ്ഞ DWI കോടതിയുടെ വിചാരണയ്ക്ക് മുമ്പുള്ള മധ്യസ്ഥ ഉടമ്പടിയിലെ നിബന്ധനകളെയും വ്യവസ്ഥകളെയും കുറിച്ച് നേരത്തെതന്നെ ഞാൻ എന്റെ കക്ഷിയെ ഉപദേശിക്കുകയും ബോധവത്ക്കരിക്കുകയും ചെയ്തിട്ടുണ്ട്; എന്റെ കക്ഷി ഉടമ്പടിയിലെ എല്ലാ നിബന്ധനകളെയും വ്യവസ്ഥകളെയും കുറിച്ച് മനസ്സിലാക്കുന്നു;

എന്റെ കക്ഷി ഈ ഉടമ്പടിയിൽ സ്വതന്ത്രമായും അറിവോടെയും വിവേകപൂർവ്വവും ഒപ്പ് വച്ചിരിക്കുന്നു.

_____ _____

പ്രതിയുടെ അഭിഭാഷകൻ തീയതി

അസിസ്റ്റന്റ് ജില്ലാ അറ്റോർണിയുടെ പ്രസ്താവന:

സ്റ്റേറ്റ് ഓഫ് ടെക്സസ്, ഫോർട്ട് ബെൻഡ് കൗണ്ടി ജില്ലാ അറ്റോർണി ഓഫീസിലെ (FBCDAO), താഴെ ഒപ്പിട്ടിരിക്കുന്ന അസിസ്റ്റന്റ് ജില്ലാ അറ്റോർണിയിലൂടെ സമ്മതിച്ചിരിക്കുന്നതെന്തെന്നാൽ, തങ്ങളുടെയും കോടതിയുടെയും തൃപ്തിക്കനുസൃതമായി പ്രതി ഈ കരാറിലെ നിബന്ധനകളും വ്യവസ്ഥകളും വിജയകരമായി പൂർത്തിയാക്കുകയാണെങ്കിൽ, മേൽ നമ്പർ കേസ് FBCDAO തള്ളിക്കളയുന്നതായിരിക്കും.

സമ്മതിച്ച് അംഗീകരിച്ചിരിക്കുന്നു:

_____ _____

ഒപ്പ്, അസിസ്റ്റന്റ് ജില്ലാ അറ്റോർണി തീയതി
ഫോർട്ട് ബെൻഡ് കൗണ്ടി, ടെക്സസ്

_____

അച്ചടിച്ച പേര്, അസിസ്റ്റന്റ് ജില്ലാ അറ്റോർണി

കേസ് നമ്പർ. _____

സ്റ്റേറ്റ് ഓഫ് ടെക്സസ്	§ **ടെക്സസ് ഫോർട്ട്**
	§ **ബെൻഡ് കൗണ്ടി ദേശത്തെ ആറാം**
	§ **നമ്പർ നിയമ പ്രകാരം കൗണ്ടി**
vs.	**നീതിന്യായ**
_____	§ **കോടതി മുമ്പാകെ**

DWI കോടതിയിൽ വിചാരണയ്ക്ക് മുമ്പുള്ള മധ്യസ്ഥതയിൽ പങ്കെടുക്കുന്നതിനുള്ള ഉത്തരവ്
ORDER FOR PARTICIPATION IN DWI COURT PRE-TRIAL INTERVENTION

സ്റ്റേറ്റ് ഓഫ് ടെക്സസ്, ഫോർട്ട് ബെൻഡ് കൗണ്ടി ജില്ലാ അറ്റോർണി വഴി പ്രതിയുമായി ഉണ്ടാക്കിയ കരാറിന്മേൽ കോടതി ഉത്തരവിടുന്നത്:

1. പ്രതി താഴെ പറയുന്ന ഫീസുകൾ അടയ്ക്കേണ്ടതാണ്

പ്രതിമാസ മേൽനോട്ട ഫീസ്:	$ 60/മാസം
ലബോറട്ടറി ഫീസ്:	1 ടെസ്റ്റിന് $ 15
ഇന്റർലോക്ക് ഉപകരണം:	മാസം $ 42
വിക്ടിം ഇംപാക്ട് പാനൽ:	$ 35 വീതം

മധ്യസ്ഥ പരിപാടിയിലെ പങ്കാളിത്തത്തിന്റെ ചെലവിലേക്കായി ഈ തുകകൾ ഡിപാർട്ട്മെന്റിലേക്ക് ഒടുക്കേണ്ടതും പ്രതിയുടെ സാമ്പത്തിക സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പ്രതി നിർദ്ധനനായി തീരുമാനിക്കപ്പെട്ടിട്ടില്ലെങ്കിൽ ഈ കരാറിന്റെ മേൽനോട്ടത്തിലേക്കായി ടി തുകകൾ വാങ്ങുവാൻ ഡിപാർട്ട്മെന്റിനോട് ഇതിനാൽ ഉത്തരവിടുന്നു;

2. മുകളിൽ പറഞ്ഞിരിക്കുന്നതു പോലെ പ്രതി ഈ കരാർ നടപ്പിലാക്കുന്നതാണ്.

_____ ആയ ഇന്നേദിവസം ഉത്തരവിട്ട് ഒപ്പ് വയ്ക്കുന്നത്.

_____
അദ്ധ്യക്ഷം വഹിച്ച ജഡ്ജി
6ആം നിയമ നമ്പർ കൗണ്ടി കോടതി
ഫോർട്ട് ബെൻഡ് കൗണ്ടി, ടെക്സസ്